**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4580 20/10/2011-ൽ മറുപടിയ്ക്ക്

**മത്സ്യകൃഷി പാട്ടവ്യവസ്ഥകൾ**

ചോദ്യം

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. തോമസ് ചാണ്ടി

മറുപടി

ശ്രീ. ഉമ്മൻചാണ്ടി

(ബഹു. മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) ജലാശയങ്ങൾ മത്സ്യകൃഷിയ്ക്കായി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) മത്സ്യക്കൃഷി നടത്തുന്നതിന് തെരഞ്ഞെടുത്ത പൊതു ജലാശയങ്ങളിലും നീർത്തടങ്ങളിലും മറ്റു ജല കൃഷി സ്ഥലങ്ങളും പാട്ടത്തിന് ഒരു നിശ്ചിത കാലയളവിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കും/ മത്സ്യത്തൊഴിലാളി വിധവകൾക്കും /മത്സ്യത്തൊഴിലാളികൾക്കും/ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും /മത്സ്യകർഷക ക്ളബ്ബുകൾക്കും/ സഹകരണ സംഘങ്ങൾക്കും മറ്റ് സ്വയം സഹായ സഹകരണ സംഘങ്ങൾക്കും (SHGs) സർക്കാർ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ NGOs/വ്യക്തികൾ/പാർട്ട്ണർഷിപ്പ് ഫെമുകൾക്കും/കമ്പനികൾക്കും/ സഹകരണ സ്ഥാപനങ്ങൾക്കും നല്കാവുന്നതാണ്. കൂടാതെ തെരഞ്ഞെടുത്ത ഉൾനാടൻ ജലാശയങ്ങൾ കണ്ടൽകാടുകൾ തുടങ്ങിയവയിൽ മത്സ്യ സങ്കേതങ്ങൾ/സുരക്ഷിതമേഖല മുതലായവ സ്ഥാപിക്കുന്നതിനായി സമ്മതപത്രത്തിൻെറ (MOU) അടിസ്ഥാനത്തിൽ പഞ്ചായത്തു തലത്തിലും/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കും /സർക്കാർ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും |

| | |
|---|---|
| | നിശ്ചിതകാലയളവിൽ നല്കാവുന്നതാണ്. രജിസ്റ്റർ ചെയ്ത മത്സ്യകൃഷി ഫാമുകളിൽ കൃഷി ചെയ്യുന്നതിന് മുമ്പും ശേഷവും ജലാശയത്തിൻെറ അടിത്തട്ടിലെ മണ്ണിൻെറ രാസഭൗതിക ഗുണങ്ങളും ജീവജാലങ്ങളെക്കുറിച്ചും പഠനം നടത്തേണ്ടതും ന്യൂനതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കേണ്ടതുമാണ്. തെരഞ്ഞെടുത്ത തീരദേശ മത്സ്യമേഖലകളിൽ പെൻകൾച്ചർ/ കൃത്രിമ പാരുകൾ/കൂടുകളിലെ മത്സ്യകൃഷി മുതലായവ നടത്തുന്നതിന് agreement ൻെറ (MOU) അടിസ്ഥാനത്തിൽ ഒരു നിശ്ചിത കാലയളവിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കോ/ പഞ്ചായത്തു തലത്തിലോ/ മത്സ്യകർഷക സംഘങ്ങൾക്കോ/ സർക്കാർ സ്ഥാപനങ്ങൾക്കോ/ യൂണിവേഴ്സിറ്റിക്കോ/ NGO'sനോ/ സ്വകാര്യ സംരംഭകർക്കോ/ സഹകരണ സംഘങ്ങൾക്കോ നല്കാവുന്നതാണ്. ഫിഷറീസ് വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ പാട്ടക്കാരന് മത്സ്യക്കൃഷി നടത്താൻ അനുവദിക്കുന്നതല്ല. കൂടാതെ മത്സ്യക്കൃഷിയ്ക്കായി നല്കിയ ജലാശയത്തിനുള്ള ലൈസൻസ് പെർമിറ്റ് എന്നിവ ഒരു കാരണവശാലും ഫിഷറീസ് വകുപ്പിൻെറ അനുവാദമില്ലാതെ കൈമാറാൻ അനുവദിക്കുന്നതല്ല. കൂടാതെ പെൻകൾച്ചർ,കൂടുകളിൽ മത്സ്യക്കൃഷി,raft or rack & ren culture എന്നിവയ്ക്കായി പാട്ടത്തിനു നൽകിയ ജലാശയങ്ങൾ നിശ്ചിത കാലയളവു കഴിയാതെ പാട്ടക്കാരന് കൈമാറാൻ അനുവദിക്കുന്നതല്ല. എന്നാൽ അടിയന്തിര ഘട്ടത്തിൽ ഫിഷറീസ് വകുപ്പിൻെറ ഉത്തരവിൻെറ അടിസ്ഥാനത്തിൽ ജലാശയം കൈമാറാവുന്നതാണ്. |
| (ബി)<br>പ്രസ്തുത റിപ്പോർട്ടിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ യെന്ന് വെളിപ്പെടുത്താമോ; | (ബി)<br>റിപ്പോർട്ട് സർക്കാരിൻെറ പരിഗണനയിലാണ് |

| | |
|---|---|
| (സി)<br>നിയമപരമായ പാട്ടവ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (സി)<br>ഉണ്ട്.<br>വ്യവസ്ഥകൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

**(ജി.ഒ (എം.എസ്) നമ്പർ 17/95/എഫ് & പി.ഡി. തീയതി. 11/01/1995, ഫിഷറീസ് & പോർട്സ് (സി) ഡിപ്പാർട്ട്മെന്റ് എല്ലാ വകുപ്പ് തലവൻമാർക്കും**

ഫിഷറീസ്-പഞ്ചായത്ത്/പ്രാദേശിക ഘടകങ്ങളുടെ കുളങ്ങൾ മത്സ്യ കൃഷിയ്ക്കായി പാട്ട വ്യവസ്ഥയിൽ നൽകൽ/ ഫിഷറീസ് വികസനം - അനുവദിയ്ക്കപ്പെട്ടത്-ഉത്തരുവുകൾ പാസാക്കപ്പെട്ടത്.

## ഉത്തരവ്

ചെമ്മീൻ, മത്സ്യ കൃഷികൾക്കായി ഉപ്പുജലാശയങ്ങളും ശുദ്ധജലപ്രദേശങ്ങളും സർക്കാർ കണ്ടെത്തിയിട്ടുണ്ട്. പലപ്പോഴും പ്രത്യേക കാര്യത്തിനായുള്ളതെന്ന വ്യവസ്ഥയിൽ ജനങ്ങൾ ജലസമൃദ്ധമായ പ്രദേശത്തെ ജലകൃഷിയ്ക്കായി ഉപയോഗിച്ചുവരുന്നുണ്ട്. സാധാരണഗതിയിൽ ജലകൃഷി നടത്തുന്നതിന് ഒരുവർഷകാലാവധിയുള്ള പാട്ടവ്യവസ്ഥയാണ് അനുവദിക്കപ്പെടുന്നത്. പഞ്ചായത്തുകളോ റവന്യൂവകുപ്പോ മറ്റ് എതെങ്കിലും വകുപ്പോ അനുവദിയ്ക്കുന്ന ഹ്രസ്വകാല പാട്ടവ്യവസ്ഥയുടെ ഉറപ്പിൻമേൽ മത്സ്യകർഷകർക്ക് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പ്പനേടാൻ ബുദ്ധിമുട്ടാകുന്നു. പൊതുജലമേഖലകളിൽ മത്സ്യ കൃഷി നടത്തുന്നവരോട് ബന്ധപ്പെട്ട ജലപ്രദേശത്തിന് കർഷകരുടെ പേരിൽ പാട്ടഉടമ്പടി നേടിയെടുക്കാൻ ബാങ്കുകൾ നിഷ്കർഷിക്കാറുണ്ട്. മാത്രമല്ല അത്തരം പ്രദേശങ്ങളിൽ മതിയായ വായ്പാലബ്ധിയുടെ അഭാവംമൂലം മത്സ്യകൃഷി വികസനം അപര്യാപ്തമായിതീർന്നിട്ടുമുണ്ട്. ഇക്കാരണത്താൽ ഭൂമിപാട്ടക്കരാർനയം രൂപവൽക്കരിയ്ക്കാൻ സർക്കാർ മുന്നോട്ടുവന്നിട്ടുള്ളതും സർക്കാർവക ഉപ്പുജലാശയങ്ങളും ശുദ്ധജലപ്രദേശങ്ങളും കർഷകർക്കു പാട്ടവ്യവസ്ഥയിൽ അനുവദിയ്ക്കുന്നതിനും ഉടമ്പടി വ്യവ്സ്ഥാധാരണാ പത്രം, പാർശ്വസ്ഥസുരക്ഷാ പ്രമാണമായി സാമ്പത്തിക സ്ഥാപനങ്ങൾക്ക് നൽകി വായ്പാനേടുന്നതിന് സഹായമരുളുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

ഇതോടോപ്പം ചേർക്കുന്ന അനുബന്ധമാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പഞ്ചായത്ത് പ്രാദേശിക ഘടകങ്ങളുടെ കുളങ്ങൾ മത്സ്യകൃഷിയ്ക്ക്/മത്സ്യബന്ധന വികസനത്തിന് പാട്ട വ്യവസ്ഥയിൽ അനുവദിക്കാൻ സർക്കാർ അഗ്രഹിയ്ക്കുന്നു.

**ഗവർണറുടെ ഉത്തരവു പ്രകാരം**
**എസ്. ചന്ദ്രൻ**
**സെക്രട്ടറി**

## <u>സർക്കാർ വക ഭൂമി പാട്ടത്തിനു നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. ഉപ്പുരസമുള്ള സർക്കാർവക ജലപ്രദേശം താഴെപറയുന്ന തരത്തിൽ ദീർഘകാലപാട്ടവ്യവസ്ഥയിൽ അനുവദിയ്ക്കുന്നതാണ്.

(എ) മത്സ്യത്തൊഴിലാളി വിധവകൾ, മത്സ്യത്തൊഴിലാളി സ്ത്രികൾ, സജിവ മത്സ്യബന്ധനത്തൊഴിലാളികൾ, ചെറുകിടകർഷകർ, പട്ടികജാതി/പട്ടികവർഗ്ഗം, വിമുക്തഭടൻമാർ : 5 വർഷം

(ബി) സഹകരണസംഘങ്ങൾ, ചെറുകിടസംരംഭകർ, മദ്ധ്യവർത്തിസംരഭകർ : 10 വർഷം

(സി) സർക്കാർ ഏജൻസി/ മറ്റ്വകുപ്പുകളുമായിട്ടുള്ള സംയുക്തസംരംഭം : 25 വർഷം

(ഡി) സർക്കാർ ഉടമസ്ഥയിലുള്ള ശുദ്ധജലപ്രദേശം 10 വർഷകാലത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ അനുവദിയ്ക്കുന്നതാണ്.

2. ചെമ്മീൻ കൃഷിയ്ക്കായി താഴെപറയുന്ന വ്യവസ്ഥയനുസരിച്ച് ഭൂമിപാട്ടത്തിനുനൽകുന്നതാണ്.

മത്സ്യത്തൊഴിലാളി വിധവകൾ, മത്സ്യത്തൊഴിലാളി സ്ത്രീകൾ, സജീവമത്സ്യബന്ധന തൊഴിലാളികൾ ഒരാൾക്ക് ഒരു ഹെക്ടർ

| | | |
|---|---|---|
| ചെറുകിട, ഇടത്തരം കർഷകർ | : | 5 ഹെക്ടർ |
| സഹകരണസംഘങ്ങൾ | : | 10 ഹെക്ടർ |
| ചെറുകിട സംരംഭക | : | 25 ഹെക്ടർ വരെ |
| മദ്ധ്യമതല സംരംഭകർ | : | 50 ഹെക്ടർ വരെ |
| ഏതൊരുസർക്കാർ ഏജൻസി അല്ലെങ്കിൽ വകുപ്പുമായിട്ടുള്ള സംയുക്ത സംരംഭം | : | 200 ഹെക്ടർ വരെ |

3. പാട്ടത്തുക താഴെ ചേർക്കും പ്രകാരം നിശ്ചയിക്കുന്നതാണ്.

| | | | |
|---|---|---|---|
| (എ) | മുൻഗണനാമേഖല | : | പ്രതിവർഷം ഹെക്ടറിന് 100 രൂപ |
| (ബി) | ചെറുകിട, മധ്യമതല സംരംഭകർ | : | പ്രതിവർഷം ഹെക്ടറിന് 150 രൂപ |
| (സി) | സഹകരണ മേഖല | : | പ്രതിവർഷം ഹെക്ടറിന് 100 രൂപ |
| (ഡി) | സംയുക്ത സംരംഭങ്ങൾ | : | പ്രതിവർഷം ഹെക്ടറിന് 150 രൂപ |

4. പാട്ടവ്യവസ്ഥ അവസാനിയ്ക്കുന്ന സമയത്ത് ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്. പാട്ട വ്യവസ്ഥ നിലവിലുള്ള പ്രഥമ വർഷത്തിൽ മത്സ്യകൃഷി ആരംഭിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ലെങ്കിൽ ഭൂമി തിരിച്ചു പിടിയ്ക്കാനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

5. പാട്ടവ്യവസ്ഥയിൽ നല്കപ്പെട്ടിരിയ്ക്കുന്ന ആവശ്യത്തിനു മാത്രമെ ഭൂമി ഉപയോഗപ്പെടുത്താൻ പാടുള്ളു. ബാങ്കുകളുടെ പദ്ധതിപ്രകാരമുള്ള തരത്തിൽ മാത്രമാണ് ചെറുകിട, മധ്യമതല സംരംഭകർക്ക് പാട്ടം അനുവദിക്കുന്നത്.

6. പാട്ട വ്യവസ്ഥയ്ക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ പരിശോധനയ്ക്കും മറ്റു പ്രവർത്തനങ്ങൾക്കുമായി എത്തുന്ന ഫിഷറീസ്/റവന്യൂ/പഞ്ചായത്തു വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്ക് പാട്ടക്കാരൻ പരിശോധനയ്ക്കാവശ്യമായ സകലവിധ സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്.

7. പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ള ഭൂമി യാതൊരുതരത്തിലും മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യുവാനോ വാടകയ്ക്കു കൊടുക്കുവാനോ പാടുള്ളതല്ല.

8. പാട്ടക്കരാർ തയ്യാറാക്കുന്നതിനുള്ള സകല ചിലവുകളും പാട്ടക്കാരൻ തന്നെ വഹിയ്ക്കേണ്ടതാണ്.

9. പാട്ടവ്യവസ്ഥയ്ക്ക് അംഗീകാരം നല്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്നതിനനുസരിച്ച് പാട്ടത്തുക പ്രാദേശിക ട്രഷറിയിൽ ഒടുക്കേണ്ടതാണ്. നിശ്ചയിക്കപ്പെട്ടിട്ടുള്ള പാട്ടത്തുക നിശ്ചിത തീയതിയ്ക്കു തന്നെ അടയ്ക്കുന്നില്ലെങ്കിൽ പാട്ടവ്യവസ്ഥ റദ്ദാക്കപ്പെടുന്നതിനുള്ള സാധ്യതയുണ്ട്.

10. പാട്ടവ്യവസ്ഥ റദ്ദാക്കണമെന്നു താൽപ്പര്യമുള്ള പാട്ടക്കാരൻ സർക്കാരിന് 3 മാസക്കാലത്തെ മുൻകൂർ നോട്ടീസ് നല്കിയിരിക്കേണ്ടതാണ്.

11. പാട്ടത്തിനു നൽകപ്പെട്ട ഭൂമി മറ്റേതെങ്കിലും പൊതു താല്പര്യത്തിന് ആവശ്യമായി വരുന്ന പക്ഷം പാട്ടക്കരാർ റദ്ദാക്കുന്നതിനും ഏറ്റെടുത്തിട്ടുള്ള വ്യക്തിയ്ക്കു തിട്ടപ്പെടുത്തുന്ന തരത്തിലുള്ള യോജിച്ച നഷ്ടപരിഹാരം നൽകുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ